# സ്വർണ്ണപ്പണയ വായ്പ സംബന്ധിച്ചുള്ള ഉപനിബന്ധനകൾ

## മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം

### നമ്പർ 160, പെരുമ്പനച്ചി പി.ഒ., ചങ്ങനാശ്ശേരി, കോട്ടയം 686536

1. സ്വർണ്ണാഭരണങ്ങൾ, സ്വർണ്ണപ്പണ്ടങ്ങൾ ഇവയുടെ പണയത്തിന്മേൽ പണം കടം കൊടുക്കാവുന്നതാണ്.
2. സ്വർണ്ണ പണയത്തിൻ മേലുള്ള വായ്പകൾക്ക് ആയതിലേക്കുള്ളനിശ്ചിത ഫാറത്തിൽ അപേക്ഷിക്കണം. അപേക്ഷയോടുകൂടി പണയസാധനങ്ങൾ ഹാജരാക്കേണ്ടതും പണയസാധനങ്ങളുടെ വിവരം, വില, തൂക്കം മുതലായവ ഉറപ്പുവരുത്തേണ്ടതുമാണ്. അപേക്ഷ കൊടുത്തയുടനെ ബ്രാഞ്ച് മാനേജരോ ബോർഡിനാൽ അധികാരപ്പെടുത്തിയ അപ്രൈസറോ പണയ സാധനങ്ങൾ പരിശോധിച്ച് വില നിശ്ചയിക്കേണ്ടതും മതിപ്പു വിലയുടെ 70%ത്തിൽ കവിയാതെയുള്ള തുക അനുവദിക്കുന്നതിന് ബ്രാഞ്ച് മാനേജർക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ്. എന്നാൽ ഒരാൾക്ക് കൊടുക്കാവുന്ന വായ്പയുടെ പരിധി രണ്ടുലക്ഷം രൂപയായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു.
3. പണയം വയ്ക്കുന്ന ആൾ ബാങ്കിലെ അസോഷ്യേറ്റ് അംഗമെങ്കിലും ആയിരിക്കേണ്ടതാണ്.
4. പണയം ഉരുപ്പടികൾക്കു പുറമെ പണയക്കാരൻ വായ്പയ്ക്കും പലിശയ്ക്കും ചെലവുകൾക്കും പൂർണ്ണ ഉത്തരവാദിത്വം വഹിക്കേണ്ടതും ആവിശ്യമെന്നാൽ അയാളുടെ ഇതര സ്വത്തുക്കളിൽ സ്ഥാപിച്ചും വായ്പതുക പലിശയും ചിലവുകളും സഹിതം ഈടാക്കി എടുക്കുവാൻ ബാങ്കിന് അവകാശമുണ്ടായിരിക്കുന്നതുമാണ്.
5. പണയക്കാരന് ഉടമസ്ഥത ഇല്ലാത്തതോ പണയം വയ്ക്കുന്നതിന് അധികാരം സിദ്ധിക്കാത്തതോ ആയ ഉരുപ്പടികൾ പണയം വയ്ക്കുവാൻ പാടുള്ളതല്ല.
6. പണയ സാധനങ്ങളും കടപ്പത്രവും വൗച്ചറും ബാങ്കിൽ സ്വീകരിച്ചശേഷം അനുവദിച്ചിട്ടുള്ള തുക കടം കൊടുക്കേണ്ടതും വിവരങ്ങൾ ആയതിലേക്കുള്ള വായ്പാ ഏറടവിലും മറ്റു രജിസ്റ്ററുകളിലും ചേർക്കേണ്ടതുമാണ്.
7. സ്വർണ്ണപ്പണയ വായ്പയുടെ കാലാവധി സാധാരണ ആറു മാസമായിരിക്കും. എന്നാൽ ന്യായമായ കാരണം കൊണ്ടാണ് അടയ്ക്കാത്തതെന്ന് കമ്മിറ്റിക്ക് ബോദ്ധ്യമാകുകയും കാലാവധിക്കകം പലിശ മുഴുവനും അടച്ചു തീർക്കുകയും ചെയ്യുന്നതായാൽ യുക്തംപോലെ കാലാവധി നീട്ടി കൊടുക്കുവാൻ കമ്മിറ്റിക്കധികാരമുണ്ടായിരിക്കുന്നതാണ്. കാലാവധി യാതൊരു കാരണവശാലും മൊത്തം ഒരു വർഷത്തിലധികമായിക്കൂടാ. എന്നാൽ ഏതവസരത്തിലും കടംകണക്ക് അവസാനിപ്പിക്കുവാൻ ഭരണസമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
8. പണയ വായ്പത്തുക ഒന്നായി തിരിച്ചടയ്ക്കേണ്ടതും പലിശനിരക്ക്, ഈടാക്കുന്നവിധം മുതലായവ ബാങ്ക് ബൈലോ അനുസരിച്ചായിരിക്കുന്നതുമാണ്. 15 ദിവസത്തിനകം എപ്പോൾ ഇടപാടു തീർത്താലും 15 ദിവസത്തെയും, അതിനുശേഷമായാൽ തീരുന്ന തീയതിവരെയുമുള്ള പലിശ വസൂൽ ചെയ്യുന്നതാകും. 15 ദിവസത്തെ പലിശ 1 രൂപയിൽ കുറവായിരുന്നാൽ 1 രൂപാ കുറഞ്ഞ പലിശയായി വസൂൽ ചെയ്യുന്നതാണ്.
9. ഓരോ വായ്പയുടെയും പണയ ഉരുപ്പടികൾ അവയുടെ വിവരങ്ങൾക്ക് ലിസ്റ്റ് സഹിതം പ്രത്യേകം സൂക്ഷിക്കേണ്ടതും, സ്വീകരിക്കുന്ന പണയ ഉരുപ്പടികളുടെ വിവരം കാണിച്ച് ബാങ്കിൽനിന്നും ഒരു ടോക്കൺ കൊടുക്കേണ്ടതും മുതൽ, പലിശ സഹിതം പണയംവച്ച ആളോ അയാളിൽ രേഖാമൂലം അധികാരപ്പെട്ട ആളോ ടി ടോക്കണുമായി വരുന്നപക്ഷം വായ്പ ഏറടവിൽ ഒപ്പിടുവിച്ച് പണയസാധനങ്ങൾ തിരികെ കൊടുക്കേണ്ടതുമാണ്.
10. ടോക്കൺ അന്യകൈവശംപോയി വല്ല നഷ്ടത്തിനും ഇടയായാൽ ബാങ്ക് ഒരുവിധത്തിലും ഉത്തരവാദിത്വം വഹിക്കുന്നതല്ല. എന്നാൽ ടോക്കൺ നഷ്ടപ്പെട്ടു എന്ന് രേഖാമൂലം അപേക്ഷ തന്നാൽ ബാങ്കിൽ നിന്നും ഡ്യൂപ്ലിക്കേറ്റ് ടോക്കൺ കൊടുക്കാവുന്നതാണ്. ഡ്യൂപ്ലിക്കേറ്റ് ടോക്കണ് 25 പൈസാ ഫീസ് ഈടാക്കാവുന്നതുമാണ്.
11. മാസത്തിലൊരിക്കലെങ്കിലും സ്വർണ്ണപ്പണയ വായ്പകൾ പ്രസിഡന്റും സെക്രട്ടറിയും ഭരണസമിതി നിശ്ചയിക്കുന്ന ഒരു ഭരണസമിതി അംഗവും കൂടി പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതുമാണ്. എന്നാൽ പ്രസിഡന്റിന് എപ്പോൾ വേണമെങ്കിലും പണയ ഉരുപ്പടികൾ പരിശോധിക്കാൻ അവകാശമുണ്ടായിരിക്കുന്നതുമാണ്. പണയ ഉരുപ്പടികൾ സെക്രട്ടറിയുടെ ചുമതലയിൽ ബാങ്കുവക സേഫിൽ ഡബിൾലോക്ക് സമ്പ്രദായത്തിൽ സൂക്ഷിക്കേണ്ടതും ഇൻഷ്വർ ചെയ്തിരിക്കേണ്ടതുമാണ്.
12. പണയ ഉരുപ്പടികൾ നിശ്ചിത കാലാവധി കഴിഞ്ഞ് തിരിച്ചെടുത്തില്ലെങ്കിൽ 15 ദിവസത്തെ കാലാവധിവച്ച് രജിസ്റ്റർ നോട്ടീസ്വഴി വായ്പക്കാരനെ വിവരം അറിയിച്ച് പരസ്യമായി ലേലത്തിൽ വിറ്റ് ഇടപാട് തീർക്കുവാൻ ബാങ്കിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. ലേലത്തിൽ വിറ്റുകിട്ടുന്നതുക പലിശയിലും മുതലിലും മറ്റു ചിലവുകളിലും വരവുവെച്ച് ബാക്കിയുള്ളപക്ഷം ബാങ്കിലേക്ക് കടക്കാരൻ മറ്റിനങ്ങളിൽ എന്തെങ്കിലും തുക അടയ്ക്കുവാനുണ്ടെങ്കിൽ ആയതിലേക്ക് വരവുവെയ്ക്കേണ്ടതും ശേഷിച്ച തുക തിരികെ കൊടുക്കേണ്ടതുമാണ്. ലേലത്തിൽ വിറ്റുകിട്ടുന്ന തുകകൊണ്ട് ഇടപാടു തീർക്കാൻ മതിയാകാതെ വരുന്നപക്ഷം കടക്കാരന്റെ മറ്റു സ്വത്തുക്കളിൽ നിന്നും ഈടാക്കാവുന്നതാണ്.
13. സ്വർണ്ണവില കുറയുന്നപക്ഷം പണയക്കടങ്ങളുടെ കാലാവധി പരിഗണിക്കാതെ കടംകണക്ക് അവസാനിപ്പിക്കുന്നതിനോ കൂടുതൽ സെക്യൂരിറ്റി ഹാജരാക്കാൻ ആവശ്യപ്പെടുന്നതിനോ സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
14. സ്വർണ്ണപ്പണയ വായ്പ സംബന്ധിച്ചുണ്ടാകുന്ന എല്ലാ തർക്കങ്ങളും സഹകരണസംഘം നിയമങ്ങളും ചട്ടങ്ങളും പ്രകാരം തീരുമാനിക്കപ്പെടേണ്ടതാണ്.
15. പണയ ഉരുപ്പടി ഏതെങ്കിലും വിധത്തിൽ ബാങ്കിൽനിന്നും നഷ്ടപ്പെടുന്നപക്ഷം ഉരുപ്പടിയുടെ മതിപ്പുവില ബാങ്ക് രജിസ്റ്ററിൽ ചേർത്തിരിക്കുന്നതിൽ കൂടുതലായി നഷ്ടപരിഹാരം വായ്പക്കാരന് അവകാശപ്പെടാവുന്നതല്ല.